**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

<u>പ്രസിദ്ധീകരണത്തിന്</u> 31.10.2017

# ഹരിത കേരളം മിഷൻ : തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഇന്ന് (നവംബർ 1) തുടക്കം

കേരളത്തെ സമ്പൂർണ മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് മുന്നൂറോളം തദ്ദേശഭരണസ്ഥാപനങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഇന്ന് (നവംബർ 1) കേരളപ്പിറവി ദിനത്തിൽ തുടക്കമാകും. തിരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ കേന്ദ്രങ്ങളിലെ അജൈവ മാലിന്യ ശേഖരണ കേന്ദ്രവും (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ഇന്നാരംഭിക്കും.

ഓരോ തദ്ദേശ ഭരണ പ്രദേശ പരിധിയിലും നടത്തിയ അവസ്ഥ നിർണയ പഠനത്തെയും ശുചിത്വ മാലിന്യ സംസ്കരണ മാർഗരേഖയേയും ആധാരമാക്കി അതാതു സ്ഥാപനങ്ങൾ ശുചിത്വ മാലിന്യ സംസ്കരണത്തിന് തയ്യാറാക്കിയ പദ്ധതികൾ ഇന്നു മുതൽ നിലവിൽ വരും. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മാലിന്യശേഖരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള പ്രത്യേകസംഘമാണ് ഹരിത കർമസേന. ഹരിത കർമസേന ശേഖരിക്കുന്ന മാലിന്യങ്ങളിൽ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കാനായാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളത് . ഇവിടെനിന്നും ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ബ്ലോക്കിലെ ഒരു കേന്ദ്രത്തിൽ ആരംഭിക്കുന്ന റിസോഴ്സ് റിക്കവറി സംവിധാനത്തിൽ എത്തിച്ച് തരംതിരിച്ച് വിവിധ രീതിയിൽ പുനചംക്രമണം നടത്താനോ പുനരുപയോഗിക്കാനോ ആണ് തീരുമാനിച്ചിട്ടുള്ളത്. ഈ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നുറുക്കി പൊടിക്കാനുള്ള ഷ്രെഡിംഗ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും ലഭ്യമാകുന്ന പ്ലാസ്റ്റിക് പൊടി റോഡ് ടാറിങ്ങിനുള്ള ടാറിൽ ചേർത്ത് പുനരുപയോഗിക്കുകയാണ് ലക്ഷ്യം.

ആഗസ്റ്റ് 15ന് ആരംഭിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയിൽ നവംബർ ഒന്നിന് നടത്തുമെന്ന് പ്രഖ്യാപിച്ച ശുചിത്വ മാലിന്യ സംസ്കരണ നിർവഹണപദ്ധതികളുടെ ഉദ്ഘാടനമാണ് എല്ലാ മണ്ഡലങ്ങളിലും ഇരുന്നൂറോളം തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ ഇന്ന് നടക്കുന്നത്. മറ്റു ചില പഞ്ചായത്തുകളിൽ ഹരിത പെരുമാറ്റച്ചട്ടം( ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പാക്കുന്നതിന്റെ ഉദ്ഘാടനവും ഇന്ന് നടക്കും. കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പാക്കുന്ന ഹരിത കർമ്മസേനയുടെ പരിശീലന പ്രവർത്തനങ്ങൾക്കും ഇന്ന് തുടക്കമാകും. വിവിധ തലങ്ങളിലായി നടക്കുന്ന ഉദ്ഘാടന പരിപാടികളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും പൊതുജനങ്ങളും പങ്കെടുക്കും. മാലിന്യ സംസ്കരണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് ഇന്നു തുടക്കമിടുന്ന 296 തദ്ദേശഭരണസ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

*തിരുവനന്തപുരം – 10, കൊല്ലം – 17, പത്തനംതിട്ട – 9, ഇടുക്കി – 26,കോട്ടയം – 13 തൃശൂർ – 15*
*പാലക്കാട് – 11 മലപ്പുറം – 19 എറണാകുളം – 18 ആലപ്പുഴ – 31 കാസർഗോഡ് – 12*
*കണ്ണൂർ – 60 കോഴിക്കോട് –51 വയനാട് – 4.*

ജനുവരി ഒന്നോടെ എല്ലാ തദ്ദേശ ഭരണ പ്രദേശങ്ങളിലും ശുചിത്വ മാലിന്യ സംസ്കരണ നിർവഹണ പ്രവർത്തനങ്ങൾ എത്തിക്കുന്നതിനുള്ള തീവ്ര ശ്രമങ്ങൾ ആണ് ആരംഭിച്ചിട്ടുള്ളത്. മാർച്ച് 31 ഓടെ ഈ പ്രവർത്തനങ്ങൾ വേണ്ടത്ര ചിട്ടയോടെ നടക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കും.

S/d
**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ